സെക്രട്ടറി ചെയർമാനായും, ഗിഫ്റ്റ് രജിസ്ട്രാർ കൺവീനറായും വാണിജ്യനികുതി കമ്മിഷണർ, എക്സൈസ് കമ്മിഷണർ, മോട്ടോർ വെഹിക്കിൾ കമ്മിഷണർ എന്നിവർ മെമ്പർമാരായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് പഠനം നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട എ-ക്ലാസ്, ബി-ക്ലാസ് ചെക്ക്പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർവത്ക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചരക്കുകളുടെ തത്സമയ സഞ്ചാരപഥം ടിൻ/പിൻ ഡീലർമാരുടെ മൊബൈൽ ഫോണിൽ അലർട്ട് മെസ്സേജ് എസ്.എം.എസ്. ആയി ലഭിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഇ-ഡിക്ലറേഷൻ, ഇ-പേയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വാളയാർ, ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം, നടുപ്പുണി, കൂട്ടുപുഴ, ബംഗ്ര മഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ വേയ്ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ 300 കി.ഗ്രാം വരെ തൂക്കാൻ കഴിയുന്ന പ്ലാറ്റ്ഫോം ബാലൻസുകൾ സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിലും പരിസരത്തും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ടഷറി നവീകരണം

233(573) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടഷറി നവീകരണത്തിന്റെ ഭാഗമായി എല്ലാ ടഷറികളിലും എ.ടി.എം. സ്ഥാപിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ്;

(ബി) ഈ സാമ്പത്തിക വർഷം നടപടി പൂർത്തീകരിക്കുവാൻ സാധിക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ ടഷറികളെയും ഓൺലൈൻ വഴി ബന്ധിപ്പിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; ഇതുമൂലം ഒരു ടഷറിയിൽ ഇരുന്നുകൊണ്ട് മറ്റു ടഷറികളുമായി ഇടപാടുകൾ നടത്തുന്നതിന് ഗുണഭോക്താക്കൾക്ക് സാധിക്കുമോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ട്രഷറികളിൽ എ.റ്റി.എം. സ്ഥാപിക്കുന്ന വിഷയത്തിൽ 'കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്' നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് IT മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. പുതുതായി നിർമ്മിക്കുന്ന ട്രഷറികളിലും നവീകരിക്കുന്ന ട്രഷറികളിലും ATM സ്ഥാപിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ട്രഷറി നെറ്റ് വർക്കിംഗ് പൂർത്തിയാക്കുകയും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ട്രഷറികളിൽ ATM സംവിധാനം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും തമ്മിൽ ബന്ധിപ്പിച്ചുള്ള ഒരു താൽക്കാലിക നെറ്റ് വർക്ക് സംവിധാനം (Virtual Private Network-VPN) ഇപ്പോൾ നിലവിലുണ്ട്. പൂർണ്ണമായ തലത്തിൽ ട്രഷറികളെ 'ഓൺലൈൻ' ആയി ബന്ധിപ്പിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി 20-9-2014-ലെ സ.ഉ.(സാധാ)നമ്പർ7186/2014/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ട്രഷറി സേവിംഗ്സ് അക്കൗണ്ടിലെ നിക്ഷേപങ്ങൾ

234(574) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിലവിലുള്ള നിക്ഷേപം മൊത്തം എത്ര കോടി രൂപയുടെതാണ് ; പൊതു മേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങി ഓരോ മേഖലയിൽ നിന്നുള്ള നിക്ഷേപങ്ങൾ എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) ട്രഷറി സേവിംഗ്സ് അക്കൗണ്ടിലെ നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നതിന് മുൻവർഷം എത്ര തുക ചെലവായിട്ടുണ്ട് നിലവിലുള്ള നിക്ഷേപങ്ങൾക്ക് തന്നാണ്ടിൽ നൽകേണ്ടിവരുന്ന പലിശ എത്രയായിരിക്കും ;

LIBRARY ARCHIVES Kerala Legislative Assembly